


പുസ്തകാവലോകനം

സജിത

(സോഷ്യൽ സയൻസ്)

05.03.2010

ഉറൂബ് എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന പി.സി.കുട്ടി കൃഷ്ണൻെറ പ്രശസ്തമായ നോവലുകളിലൊന്നാണ് "ഉമ്മാച്ചു".

രാഗദ്വേഷാദി ഹൃദയ വ്യാപാരങ്ങൾ കീഴ്പ്പെടുത്തിയ സാധാരണ മനുഷ്യരുടെ സത്യമായ ജീവിതത്തിൻെറ ആവിഷ്കാരമാണ് ഉറൂബിൻെറ 'ഉമ്മാച്ചു'. മായനെ സ്നേഹിക്കുകയും, ബീരാനെ വിവാഹം കഴിക്കേണ്ടിവരുകയും ചെയ്ത വ്യക്തിയാണ് ഉമ്മാച്ചു.

വ്യക്തിയുടെ അഭിലാഷവും, സാമൂഹിക നീതിയും തമ്മിലുള്ള സംഘർഷം ഏറനാടിൻെറ സാമൂഹിക പശ്ചാത്തിൽ ഉറൂബ് ഉമ്മാച്ചുവിൽ വരച്ച് കാട്ടുന്നു. ഇരുട്ട് കയറിയ ഇടനാഴികളിലേക്ക് പ്രകാശം പരത്തുന്നതാണ് ഉറൂബിൻെറ ഈ നോവൽ. കാമിനിമൂലമുണ്ടായ കലഹങ്ങളുടെ കഥയാണ് ഉമ്മാച്ചു.

മായനെ സ്നേഹിക്കുകയും, ബീരാനെ കല്യാണം കഴിക്കേണ്ടിയും വന്ന ഉമ്മാച്ചുവാണ് ഈ കഥയുടെ നട്ടെല്ല്. മായൻ ബീരാനെ കൊല്ലുകയും ഉമ്മാച്ചുവിനെ വിവാഹം കഴിക്കുകയും ചെയ്തു. അവസാനം ബീരാനെ കൊന്ന പാപത്തിൽ ഭയന്ന് മായൻ ആത്മഹത്യ ചെയ്യുന്നു.

ലാളിത്യവും, ശക്തിയും, പുഞ്ചിരിയും, കണ്ണുനീരും, അത്ഭുതവും, രസികത്വവും ഇവ ഉത്പ്പാദിപ്പിക്കുന്ന സംഭവങ്ങളോട് ഒരു കവിക്കുള്ള വികാരവായ്പ്പാണ് ഈ നോവലിൻെറ ജീവൻ. അവ നമ്മെ നല്ല മനുഷ്യരാകുവാൻ മാടിവിളിക്കുന്നു.